"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/30/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-01-2023

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - നൂതന പ്രോജക്ടുകളുടെ പരിശോധനയ്ക്കും അംഗീകാരത്തിനുമായുള്ള ജില്ലാ തല കമ്മിറ്റി — വിദഗ്ധാംഗങ്ങൾക്കും സർക്കാർ നോമിനിക്കും സിറ്റിംഗ് ഫീയും റ്റി.എയും അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ -ഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ന നടന്ന യോഗത്തിന്റെ തീരുമാനം 3.7

***********************

സൂചന (1), (2) പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയനുസരിച്ച് നൂതന പ്രോജക്ടുകളുടെ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ജില്ലാ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർപേഴ്സൺ ആയുള്ള ഈ സമിതിയിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി, ജില്ലാ വികസന കമ്മീഷണർ, ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്), ജില്ലാ ടൗൺ പ്ലാനർ എന്നിവർ അംഗങ്ങളും ആണ്. പ്രോജക്റ്റ് ഉൾപ്പെടുന്ന വികസന മേഖലയുടെ/വിഷയ മേഖലയുടെ ജില്ലാതല ആഫീസർ, ജില്ലാതലത്തിൽ ലഭ്യമായ രണ്ടിൽ കുറയാതെയുള്ള വിഷയ മേഖലാ വിദഗ്ധർ എന്നിവരെ ബന്ധപ്പെട്ട മേഖലയിലെ ചർച്ച നടക്കുന്ന യോഗത്തിലേയ്ക്ക് ക്ഷണിതാക്കളായി പങ്കെടുപ്പിക്കണമെന്നുണ്ട്. ബന്ധപ്പെട്ട മേഖലയിലുള്ള ശാസ്ത്ര- സാങ്കേതിക സ്ഥാപനങ്ങളിലെ വിദഗ്ധരെയും ക്ഷണിക്കാവുന്നതാണ്. ഇപ്രകാരം ക്ഷണിതാക്കളായി പങ്കെടുപ്പിക്കേണ്ട വിദഗ്ധരുടെ ഒരു പാനൽ അംഗീകരിച്ച് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിക്കണം എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

മേൽ കമ്മിറ്റിയിൽ ഉദ്യോഗസ്ഥരല്ലാത്ത വിദഗ്ധാംഗങ്ങൾക്കും ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനിക്കും ഈ കമ്മിറ്റിയുടെ യോഗത്തിലെ ഓരോ സിറ്റിംഗിനും സിറ്റിംഗ് ഫീയും റ്റി.എയും ചേർത്ത് ആകെ 750 രൂപ നൽകാവുന്നതാണ്. ഇതിനുള്ള വിഹിതം ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിന് സംസ്ഥാന ആസൂത്രണ ബോർഡ് അനുവദിച്ചിരിക്കുന്ന വിഹിതത്തിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇപ്രകാരം വിഹിതം ലഭ്യമാകുന്നതിനുള്ള തുടർനടപടി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണം ചീഫ് സ്വീകരിക്കേണ്ടതാണ്.

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്

ഗ്രാമവികസന കമ്മീഷണർ

ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് ടൗൺ പ്ലാനർ

ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും

എല്ലാ ജില്ലാകളക്ടർമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)

എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ഡയറക്ടർ ജനറൽ, കില

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sureshkumar K
Date: 24-01-2023 16:08:29

സെക്ഷൻ ഓഫീസർ.